അവർക്കെല്ലാം ശമ്പളം കൊടുക്കുന്നുണ്ട്. ആ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥന്മാർ തന്നെയാണ് ഇത് കൊടുക്കാൻ പറ്റില്ല എന്നുപറഞ്ഞ് ഇതിനു കുറിയിടുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി എത്രയുംവേഗം അവർക്ക് ശമ്പള വർദ്ധനവ് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, 25-11-1998-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ 3000/98/ഹിൻ. പ്രകാരം 1-3-1997 മുതൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണം സിഡ്കോയിലെ ജീവനക്കാർക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ജീവനക്കാരുടെ വിവിധ സംഘടനകൾ നിവേദനങ്ങൾ നൽകുകയുണ്ടായി. 20-6-1996-ലെ സർക്കാർ ഉത്തരവു പ്രകാരം 1-7-1993 മുതലാണ് സിഡ്കോയിലെ ജീവനക്കാർക്ക് അവസാനമായി ശമ്പള പരിഷ്കരണം നടത്തിയത്. 1-3-11997 മുതൽ സംസ്ഥാന ജീവനക്കാർക്ക് നടപ്പാക്കിയ ശമ്പള പരിഷ്കരണം സിഡ്കോയിലെ ജീവനക്കാർക്കും നൽകേണ്ടതാണ് എന്ന് സിഡ്കോയിലെ ഡയറക്ടർ ബോർഡ് ശുപാർശ ചെയ്യുകയും അതനുസരിച്ചുള്ള നിർദ്ദേശം ഗവൺമെന്റിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചു വരുന്നു. ആസൂത്രണ സാമ്പത്തിക വകുപ്പ് 15-7-1995-ലെ ഉത്തരവ് അനുസരിച്ച് 12-1995-ൽ നഷ്ടമുണ്ടായ സ്ഥാപനങ്ങളിൽ ശമ്പള പരിഷ്കരണം അനുവദിക്കാൻ പാടില്ല. സിഡ്കോയെ സംബന്ധിച്ചിടത്തോളം 1997-98-ൽ സഞ്ചിത നഷ്ടം രണ്ടു കോടി രൂപയും 1998-99-ൽ ഒരു കോടി രൂപയും എന്ന് കണക്കാക്കിയിരുന്നു. സിഡ്കോയിൽ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിന് പ്രതിമാസം 6 ലക്ഷം രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത പ്രതീക്ഷിക്കുന്നതായാണ് കണക്കാക്കിയിരുന്നത്. ഈ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ശമ്പള പരിഷ്കരണം ഉടൻ നടപ്പാക്കാൻതക്ക സാമ്പത്തികഭദ്രത സിഡ്കോയിലില്ല. എന്നാൽ കാലാകാലങ്ങളിൽ സംസ്ഥാന ജീവനക്കാർക്ക് അനുവദിക്കുന്ന ശമ്പള പരിഷ്കരണം, ഡി.എ. വർദ്ധനവ് എന്നിവ മുന്നിൽ സിഡ്കോയിലെ ജീവനക്കാർക്ക് നൽകിയിട്ടുണ്ട് എന്ന വസ്തുത കണക്കിലെടുത്ത് 1-3-1997 മുതലുള്ള ശമ്പള പരിഷ്കരണം നടപ്പാക്കാനുള്ള കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

IV. തിരുത്ത്

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സ്പീക്കർ സർ, 10-ാം കേരള നിയമസഭയുടെ 4-ാം സമ്മേളനത്തിൽ 31-3-1997-ലെ നക്ഷത്രചിഹ്നമിടാത്ത 5768-ാം നമ്പർ ചോദ്യത്തിന് നൽകിയിരുന്ന ഉത്തരത്തിൽ ഒരു പിശക് കടന്നുകൂടിയിരുന്നു, തിരുത്തിയ ഉത്തരം മേശപ്പുറത്തു വയ്ക്കുന്നു.

V. അറിയിപ്പ്

മി. സ്പീക്കർ : ഇൻഡ്യൻ വിവാഹ മോചന ഭേദഗതി ബില്ലിന്റെ സെലക്ട് കമ്മിറ്റിയിലേയ്ക്ക് ഇന്നലെ സഭയിൽ അംഗങ്ങളെ തെരഞ്ഞെടുക്കുകയുണ്ടായി. അതിൽ ശ്രീ. ടി.എം. ജേക്കബ് വ്യക്തിപരമായ കാരണങ്ങളാൽ അതിൽ തുടരാൻ ബുദ്ധിമുട്ട് അറിയിച്ചു. അതിനുപകരം ശ്രീ. ജോണി നെല്ലൂരിനെ നിർദ്ദേശിക്കണമെന്ന് ശ്രീ. ടി.എം. ജേക്കബ് ആവശ്യപ്പെട്ടിട്ടുണ്ട്. സഭയുടെ അനുമതിയോടെ ഈ ബില്ലിന്റെ സെലക്ട് കമ്മിറ്റിയിലേക്ക് ശ്രീ. ടി.എം. ജേക്കബിനുപകരം ശ്രീ. ജോണി നെല്ലൂരിനെ നിയമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly